| | | | |
|---|---|---|---|
| | | | വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | വാഹന വിനിയോഗ നിരക്കും പ്രതിവാഹന ജീവനക്കാരുടെ എണ്ണവും ഇന്ധനക്ഷമതയും ദേശീയ നിലവാരവുമായി താരതമ്യം ചെയ്യാവുന്ന നിലയിലേക്ക് വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ? | (ഡി) | ഉണ്ട്. കോവിഡ് മഹാമാരിയും ഇതോടനുബന്ധിച്ചുള്ള ലോക്ഡൗൺ നിയന്ത്രണങ്ങൾ ഉള്ളതിനാൽ വാഹന വിനിയോഗം (അതായത് പ്രതിദിനം ഒരു വാഹനം ഓടുന്ന കിലോമീറ്റർ) കുറഞ്ഞിരിക്കുകയാണ്. നിയന്ത്രണങ്ങളിൽ പൂർണ്ണമായി ഇളവ് ലഭിച്ച് യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നമുറയ്ക്ക് ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ചും ദീർഘദൂര സർവ്വീസുകളിൽ ക്രൂ ചെയിഞ്ച് തുടങ്ങിയവ നടപ്പിലാക്കി വാഹന വിനിയോഗ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഇന്ധനക്ഷമത വർദ്ധിപ്പിയ്ക്കുന്നതിന്റെ ഭാഗമായി സോണുകളായി തരം തിരിച്ച് ഫ്യൂവൽ സെൽ ഡിവിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ഫ്യൂവൽ സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിപ്പോ തലത്തിൽ ഇന്ധനക്ഷമത കുറവുള്ള ബസ്സുകൾ കണ്ടെത്തി പരിഹാര നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം തന്നെ ഡിപ്പോ തലത്തിൽ ഡ്രൈവർമാർക്ക് കൃത്യമായ ഇടവേളകളിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, കൗൺസലിംഗ് എന്നിവ നൽകിവരുന്നു. കൂടാതെ പൊതുമേഖലാ എണ്ണകമ്പനികളുടെ സഹകരണത്തോടെ ഡിപ്പോകളിലെ ഡീസൽ പമ്പുകളിൽ ഓട്ടോമൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. ഇതുവഴി ബസുകളിൽ നിറയ്ക്കുന്ന ഡീസൽ, ഉപഭോഗം, ഇന്ധനക്ഷമത എന്നിവ നേരിട്ട് ഓൺലൈൻ ആയി ലഭിയ്ക്കുന്നതിനുള്ള സൗകര്യമുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി 2018-19-ൽ കെ.എസ്.ആർ.ടി.സി. ബസുകളുടെ ഇന്ധനക്ഷമത ലിറ്ററിന് 4.20 എന്നതിൽ നിന്ന് 2019-20-ൽ 4.28-ലേക്ക് ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ